# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 641 — 02.11.2016 -ൽ മറുപടിക്ക്

**വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ഉന്നതിക്ക് ജനകീയ പങ്കാളിത്ത പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) വിനോദസഞ്ചാര കേന്ദ്രങ്ങളെ ജനകീയ പങ്കാളിത്തത്തോടെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) കേരളത്തിലെ വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കുന്നതിനും പുതിയ ടൂറിസം സീസണെ വരവേൽക്കാനുമുള്ള ഒരുക്കത്തിന്റെയും മുന്നോടിയായി "ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലുമുള്ള തെരഞ്ഞെടുത്ത 84 വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ അടക്കം ഉറപ്പു വരുത്തുവാൻ ബഹുജന പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന കർമ്മപദ്ധതിയാണിത്. സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ഒരു കാമ്പയിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഗ്രീൻ കാർപ്പറ്റ് നടപ്പിലാക്കുന്നതിനാണ് പ്രഥമ ഘട്ടത്തിൽ ഉദ്ദേശമിട്ടിട്ടുള്ളത്. പത്തിന കർമ്മ പദ്ധതിയും ഇതിനായി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ | ബി) ഉണ്ട്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 84 ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം, |

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താനായി പദ്ധതിയുണ്ടോ;

മാലിന്യ നിയന്ത്രണം, കുടിവെള്ളം, നടപ്പാതകൾ, ടോയ്‌ലറ്റ് സൗകര്യം, വഴിവിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നത് പദ്ധതിയുടെ മുഖ്യലക്ഷ്യമാണ്. ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ പദ്ധതി പ്രകാരം പ്രത്യേക ഊന്നൽ നൽകുന്നു.

സി) ഇത്തരം സ്ഥലങ്ങൾ വൃത്തിയോടെ പരിപാലിക്കാൻ എങ്ങനെ സാധിക്കുമെന്ന് അറിയിക്കുമോ;

സി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണം ഒരു മുഖ്യ ഘടകമാണ്. ഇതിൽ മാലിന്യ നിയന്ത്രണം, പ്ലാസ്റ്റിക് നിരോധനം, ബോധവത്കരണം, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക എന്നതിനും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ശുചിത്വ മിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ, ടൂറിസം സംരംഭകർ, എന്നിവയുടെ കൂട്ടായ്മയോടെ മാസ് ക്ലീനിംഗ് ഡ്രൈവ് പരിപാടികളും നടപ്പിലാക്കി വരുന്നുണ്ട്. ഇക്കാര്യങ്ങൾ എല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളെ വൃത്തിയായി പരിപാലിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്.

ഡി) വിനോദസഞ്ചാര വ്യവസായത്തിന് സംസ്ഥാന സമ്പദ് രംഗത്തുള്ള പങ്ക്

ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് രംഗത്ത് നിർണ്ണായകഘടകമാണ് ടൂറിസം വ്യവസായ

| | |
|---|---|
| വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | മെന്ന് കണക്കാക്കിയിട്ടുണ്ട്. വിനോദസഞ്ചാര വ്യവസായത്തിന് സംസ്ഥാന സമ്പദ് രംഗത്തുള്ള പങ്ക് വിലയിരുത്തുന്നതിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) വഴി പഠനം നടത്തിയിട്ടുണ്ട്. കേരളത്തിന്റെ മൊത്തം GDP യുടെ 10 ശതമാനത്തോളം ടൂറിസത്തിൽ നിന്നാണെന്ന് പഠനം വ്യക്തമാക്കുന്നു. ടൂറിസത്തിൽ നിന്നും മൊത്തം 27,000/- കോടി രൂപ വരുമാനവും 14 ലക്ഷം തൊഴിലും നേരിട്ട് ലഭ്യമാകുന്നു എന്നും കണ്ടെത്തിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ.